# കല്ലിനുമുണ്ടൊരു കഥപറയാൻ

## അക്കാദമിക മാസ്റ്റർ പ്ലാൻ







ജെ.എൻ.എം.ജി.എച്ച്.എസ്.എസ്

പുതുപ്പണം

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1. റവന്യൂ ജില്ല | : | കോഴിക്കോട് |
| 2. സ്കൂൾ കോഡ് | : | 16009 |
| 3. സ്കൂളിന്റെ പേര് | : | ജെ.എൻ.എം ജി.എച്ച്.എസ്.എസ് പുതുപ്പണം |
| 4. മേൽവിലാസം | : | പുതുപ്പണം.പി.ഒ വടകര 673105 |
| 5. പിൻകോഡ് | : | 673105 |
| 6. ഇമെയിൽ അഡ്രസ്സ് | : | vadakara16009@gmail.com |
| 7. മുനിസിപ്പാലിറ്റി | : | വടകര |
| 8. വിദ്യാഭ്യാസ ജില്ല | : | വടകര |
| 9. സബ്ജില്ല | : | വടകര |
| 10. ക്ലാസ്സ് | : | 8 മുതൽ 12 വരെ |
| 11. മാനേജ്മെന്റ് | : | ഗവൺമെന്റ് |
| 12. പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

AnyScanner

വിദ്യാഭ്യാസ പദ്ധതികളെ വിദ്യാലയത്തിന്റ ഭൗതിക വികസനത്തോടൊപ്പം ദൈനം ദിന വിദ്യാലയ പ്രവർത്തനങ്ങൾക്കും കൈത്താങ്ങാകുന്ന വിധത്തിലേക്ക് പരമാവധി പ്രയോജനപ്പെടുത്താനുള്ള ശ്രമവും ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കണ്ട് അവയോട് ചേർന്നുള്ള വിദ്യാലയ പ്രൊജക്റ്റുകൾ തയ്യാറാക്കാനുള്ള ശ്രമവും നടന്നിട്ടുണ്ട് എന്നുകൂടെ ഓർമ്മപ്പെടുത്തട്ടെ

കോഴിക്കോട് ജില്ലയിൽ വടകര നഗരസഭയിലുൾപ്പെട്ട പുതുപ്പണം ജവഹർ ലാൽ നെഹറു ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിനെ നഗരസഭാ പരിധിയിലുള്ള വിദ്യാലയങ്ങളുടെ കൂട്ടത്തിൽ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്തത് ഏറെ അഭി മാനവും സന്തോഷവും നൽകിയിട്ടുണ്ട് ഈ പ്രദേശത്തിന്റെ കൂട്ടായ്മയുടെ വിജയമാ ണിത്. കഴിഞ്ഞ അമ്പത് വർഷക്കാലമായി ഈ വിദ്യാലയം ഏറ്റെടുത്ത് നടത്തിയ വൈവിധ്യമാർന്ന വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക ഇടപെടലുകൾക്കുള്ള മഹ ത്തായ ഒരംഗീകാരമാണിത്.ഇത്തരമൊരു സാഹചര്യത്തിൽ നിന്നുകൊണ്ടാണ് ജെ.എൻ.എം ഗവ: ഹയർ സെക്കന്ററി സ്കൂൾ അതിന്റെ സമഗ്ര വിദ്യാലയ വികസന പദ്ധതി മുന്നോട്ട് വെക്കുന്നത്. ഭാവിയിലേക്കുള്ള ഒരു വെളിച്ചമായി ഈ സമഗ്ര വിദ്യാലയ വികസന പദ്ധതി മാറുമെന്ന് പ്രത്യാശിക്കുന്നു.

<u>**ലക്ഷ്യങ്ങൾ**</u>

- ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജി ക്കുന്ന അറിവും കഴിവും നമ്മുടെ കുട്ടികളും നേടിയെന്ന് ഉറപ്പു വരുത്തുക.
- ഭാവിയിൽ ഉണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ കഴിയുന്ന ഒരു സമൂഹമായി വളർത്തിയെടുക്കുക.
- ജീവിത നൈപുണികളുടെ വികാസം ഉറപ്പു വരുത്തുക.
- രാജ്യത്തിന്റെ ഉന്നതമായ ഭരണഘടനാമൂല്യങ്ങളും ജീവിത മൂല്യങ്ങളും സംര ക്ഷിക്കുന്ന ഒരു തലമുറയെ രൂപപ്പെടുത്തുക..
- സാമൂഹിക പുരോഗതിക്കാവശ്യമായി തങ്ങളുടെ കഴിവും ശേഷിയും ഉപയോ ഗിക്കാൻ കഴിയുന്ന ഒരു തലമുറയെ വാർത്തെടുക്കുക.
- ഓരോ വിദ്യാർത്ഥിയുടെയും സമഗ്രവും വൈവിദ്ധ്യപൂർണ്ണവുമായ കഴിവു കളും അഭിരുചികളും കണ്ടെത്തി വളർത്തുക.
- ദേശീയത, പാരിസ്ഥിതിക ബോധം, ഭാഷ, സംസ്കാരം തുടങ്ങിയവയോടുള്ള കാഴ്ച്ചപ്പാടുകൾ രൂപീകരിക്കുക.

AnyScanner

നിർമ്മിച്ചതും സ്ഥലത്തിന് വില നൽകിയതും. അതിന് ശേഷം പ്രദേശവാസിക ളായ സന്മനസ്സുകളുടെ സഹായം ക്ലാസ്സ് മുറികളായും കുടിവെള്ള പദ്ധതിയായും വിദ്യാലയത്തിന് മുതൽകൂട്ടായത് എന്നും ഓർമ്മിക്കപ്പെടേണ്ടതാണ്. ഒട്ടേറെ പരിമിതിക ളിൽനിന്ന് ഇന്നത്തെ നിലയിലേക്കും വിദ്യാലയത്തെ എത്തിക്കുവാൻ നേതൃത്വം വഹിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും എം.എൽ.എ മാരും എം.പി മാരും പ്രത്യേക പരമാർശം അർഹിക്കുന്നു.

1966 മുതൽ ഇതുവരെ 16000 ലധികം വിദ്യാർത്ഥികൾ ഹൈസ്കൂൾ വിഭാഗത്തിലും 1997 മുതൽ 6000 ത്തിലധികം വിദ്യാർത്ഥികൾ ഹയർസെക്കണ്ടറി വിഭാഗത്തിലും പഠനം പൂർത്തി യാക്കിയിട്ടുണ്ട്. അതിൽ രാഷ്ട്രീയ- സാസ്കാരിക -കലാമണ്ഡലങ്ങളിലെയും ഉദ്യോഗസ്ഥ മണ്ഡലങ്ങളിലെയും ഒട്ടേറെ പ്രതിഭകളെ സംഭാവന ചെയ്യുവാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടു ണ്ട്. കെ.എ.എസിന്റെ ആദ്യ ബാച്ചിന്റെ ഇവിടെ നിന്നുള്ള പൂർവ്വ വിദ്യാർത്ഥിയും ഒരു പൂർവ്വ അധ്യാപകനും ഉൾപ്പെട്ടിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമാണ്.

1997 ആഗസ്റ്റ് 23 നാണ് നമ്മുടെ വിദ്യാലയം ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടത് തുടക്കത്തിൽ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ വിഷയങ്ങളിൽ മൂന്ന് ബാച്ചാണ് അനുവദിച്ചു കിട്ടിയത്. 1999 ൽ കമ്പ്യൂട്ടർ സയൻസ് ബാച്ച് കൂടി അനുവദിച്ചു കിട്ടി. 2012 ൽ കമ്പ്യൂട്ടർ അപ്ലിക്കേഷൻ ബാച്ച് കൂടി അനുവദിച്ചു. ഓരോ ബാച്ചിലും 60 കുട്ടികളും സ്ഥിര അധ്യാപകരും ഉണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടു വർഷമായി ഒരു താത്ക്കാലിക അധ്യാപിക അറബിക് ക്ലാസ്സ് കൈകാര്യം ചെയ്യുന്നു. ഹയർസെക്കണ്ടി വിഭാഗത്തിൽ സൗഹൃദ ക്ലബ്ബ്, എൻ.എസ്.എസ് യൂണിറ്റ് എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥി കൾക്കുള്ള അസാപ് കരിയർഗൈഡൻസ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. കൊമേഴ്സ് വിഭാ ഗത്തിന്റെ ഭാഗമായി ഒരു സംരംഭക ക്ലബ്ബും ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

## <u>നിലവിലുള്ള അവസ്ഥ</u>

### വിദ്യാർത്ഥികൾ

ഹൈസ്കൂൾ വിഭാഗത്തിൽ 7 ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഉൾപ്പെടെ 21 ഡിവിഷനുകളും ഹയർസെക്കണ്ടറി വിഭാഗത്തിൽ 11 ബാച്ചുകളും നിലവിലുണ്ട്. എച്ച്.എസ്.വിഭാഗത്തിൽ 859 കുട്ടികൾ പഠിക്കുന്നു. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും സാധാരണക്കാരുടെ മക്കളാണ്. ഹൈസ്കൂൾ പഠനത്തിനും പ്ലസ്ടു പഠനത്തിനും സമീപ പ്രദേശത്തെ കുട്ടികൾ നമ്മുടെ സ്കൂൾ തന്നെ തിരഞ്ഞെടുക്കുന്നത് സന്തോഷകരമാണ്. കുട്ടികളുടെ യാത്രാപ്രശ്നം പരി ഹരിക്കുന്നതിനായി ഹൈസ്കൂൾ തലത്തിൽ വടകര എം.എൽ.എ കെ.കെ.രമയുടെ ഫണ്ടിൽനിന്നും ഒരു സ്കൂൾ ബസ് അനുവദിച്ചത് സ്കൂളിന്റെ വികസന ചരിത്ര ത്തിൽ ഒരു നാഴികകല്ലായി മാറുന്നു.

### അധ്യാപകരും മറ്റു ജീവനക്കാരും

ഹൈസ്കൂൾ വിഭാഗത്തിൽ പ്രധാനാധ്യാപകൻ അടക്കം 28 പേരും ആറ് ഓഫീസ് ജീവനക്കാരും ഉണ്ട്. 8 ഗസ്ററ് അധ്യാപകരുമുണ്ട്. പ്രത്യേക ശ്രദ്ധ അർഹിക്കുന്നവർക്ക് വേണ്ടി ഒരു റിസോഴ്സ് ടീച്ചർ, ബിആർസി യിൽ നിന്നും ഉള്ള ഒരു കായികാധ്യാപിക , പ്രവൃ ത്തിപരിചയ അധ്യാപിക എന്നിവരും ജോലി ചെയ്യുന്നു. ഉച്ച ഭക്ഷണം പാകം ചെയ്യുന്നതി നായി രണ്ടുപേരും നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നു.

# അക്കാദമികം

## നേട്ടങ്ങൾ

കോഴിക്കോട് ജില്ലയിലെ മികച്ച രണ്ടാമത്തെ പി.ടി.എ അവാർഡിനർ ഹ മായ വിദ്യാലയമാണ് ജെ.എൻ.എം. സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡിന്റെ മികച്ച ഹരിത വിദ്യാലയങ്ങൾക്കുള്ള പ്രോത്സാഹന സമ്മാനം രണ്ടു തവണ നേടി. കോഴിക്കോട് ജില്ലയിലെ മികച്ച സീഡ് വിദ്യാലയ ങ്ങൾക്കുള്ള സമ്മാനം ലഭിച്ചിട്ടുണ്ട്. രണ്ടു തവണ നേടി. കോഴിക്കോട് ജില്ല യിലെ മികച്ച സീഡ് വിദ്യാലയങ്ങൾക്കുള്ള സമ്മാനം ലഭിച്ചിട്ടുണ്ട്. തുടർച്ച യായി എസ്.എസ്.എൽ.സി ക്ക് പൂർണ്ണ വിജയം നേടുന്നു. കൂടുതൽ കുട്ടി കൾക്ക് എ പ്ലസ്സ് നേടി വടകരയിൽ മുൻപന്തിയിൽ നിൽക്കുന്നു. എൻ.എം. എം.എസ്സ്-കോളർഷിപ്പിനർഹത നേടുന്ന വിദ്യാർത്ഥികളും സംസ്ഥാന തലത്തിൽ ഗണിത- പ്രവൃത്തിപരിചയ-കലാമേളകൾക്ക് സമ്മാനർഹരായ കുട്ടികളും നാടിനഭിമാനമായിട്ടുണ്ട്. എസ്.പി.സി. സകൗട്ട്, ഗൈഡ്, ജെ. ആർ.സി., ഇക്കോക്ലബ്ബ്, എൻ.എസ്.എസ് തുടങ്ങിയ ക്ലബ്ബുകൾ പഠനത്തോ ടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

ഹൈസ്കൂൾ ഹയർസെക്കണ്ടറി കലാമേള ശാസ്ത്രസാമൂഹിക ശാസ്ത്ര ഗണിത മേള, പ്രവൃത്തി പരിചയ മേള, ഐ.ടി മേള എന്നിവയിൽ സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ സ്കോളർഷിപ്പുകൾ യഥാസമയം ലഭ്യമാ ക്കാനും വിവിധ മത്സര പരീക്ഷകളിൽ ഉയർന്ന രീതിയിൽ വിജയം കൈവ രിക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. എൻ.എം.എം.എസ്, എൻ.ടി.എസ്.ഇ പരീക്ഷകളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുകയും വജയകൈവരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ നിലവാരത്തിലുള്ള സെമിനാറുകൾ സയൻസ് കോൺഗ്രസ്സ് എന്നിവയിലും വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ എസ്.പി.സി, ജെ.ആർ.സി, സകൗട്ട് ആൻഡ് ഗൈഡ്, ഒ.ആർ.സി, ജാഗ്രതാ സമിതി എന്നിവയുടെ വിവിധ സബ്ജക്ട് ക്ലബ്ബുകളും മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്നു.

കേരളത്തിലെ കലാസാംസ്കാരികസാഹിത്യ രംഗങ്ങളിലെ പ്രമു ഖരെ കൂടെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സംവാദങ്ങൾ സെമിനാറുകൾ ചർച്ചകൾ പരിശീലന കളരികൾ പ്രഭാഷണങ്ങൾ ഫിലിം ഫെസ്റ്റിവലു കൾ ,പ്രദർശനങ്ങൾ ദിനാചരണങ്ങൾഎന്നിവ വർഷം തോറും നടത്തി വരുന്നു.

ഹയർസെക്കണ്ടറിയിൽ എൻ.എസ്.എസ് സൗഹൃദ ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകളിൽ മികച്ച വിജയം നേടാൻ കഴിയുന്നു എന്നത് ഈ വിദ്യാലയത്തിന്റെ മികവിന്റെ തെളിവാണ്.

**അക്കാദമികം**

**പരിമിതികൾ**

ഗണിതലാബ്, സാമൂഹ്യ ശാസ്ത്ര ലാബ് തുടങ്ങിയവ ഉണ്ടാകേണ്ടതുണ്ട്. കളിസ്ഥലം ശരിയായ രീതിയിൽ വിനിയോഗിച്ച് ഒരു സ്പോർട്സ് കോംപ്ലക്സ് ഉണ്ടാക്കേണ്ടതുണ്ട്. അതിനായുള്ള അപേക്ഷ എം.പി ക്ക് നൽകിയിട്ടുണ്ട്. കൗൺസിലറുടെ സഹായം വിദ്യാലയത്തിൽ അത്യന്താപേക്ഷിതമാണ്. അതുപോലെ ഒരു ആരോഗ്യ പ്രവർത്തക (നഴ്സ്) ന്റെ സഹായവും ഇത്രയും കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ അത്യന്താപേക്ഷിതമാണ്.

**ഭൗതികം**

**നേട്ടങ്ങൾ**

വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 5 കോടി ചെലവഴിച്ചു നിർമ്മിച്ച പുതിയ കെട്ടിടം വിദ്യാലയത്തിന്റെ മുഖഛായ തന്നെ മാറ്റിയിട്ടുണ്ട്. 30 ലധികം മുറികൾ ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യത്തിന് ശുചിമുറികളുണ്ട്. വെള്ളം സംഭരിക്കാനുള്ളസൗകര്യം ഒരുക്കിയിട്ടുണ്ട്. വിദ്യാലയത്തിന് രണ്ടു കിണറുകൾ മോട്ടോർ സൗകര്യത്തോടെ) സ്വന്തമായുണ്ട്. രണ്ട് കമ്പ്യൂട്ടർ ലാബുകൾ, അടൽ ടിങ്കറിംഗ് ലാബ്, പുതുതായി അനുവദിച്ച ശാസ്ത്രപോഷിണി ലാബ് എന്നിവയും ഉണ്ട്. മിഡ് ടൗൺ ലയൺസ് ക്ലബ്ബ് സൗകര്യപ്പെടുത്തി നൽകിയ മിനി തിയേറ്റർ കുട്ടികളുടെ കലാപ്രവർത്തനങ്ങളുടെ പ്രകടനത്തിനും മറ്റു യോഗങ്ങൾ നടത്തുന്നതിനും സൗകര്യപ്രദമായിട്ടുണ്ട്.

ഒരു ഓപ്പൺ സ്റ്റേജും ഒരു ഇൻഡോർ ഓഡിറ്റോറിയവും (പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ നിർമ്മിച്ച) വിദ്യാലയ പ്രവർത്തനങ്ങളുടെ മികവ് വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. മികച്ച ലൈബ്രറിക്കൊപ്പം എല്ലാ ക്ലാസ്സുകളിലും ക്ലാസ്സ് ലൈബ്രറികളും സജ്ജമാണ്. സ്റ്റാഫ് റൂമുകൾക്കൊപ്പം കുട്ടികൾക്ക് വേണ്ടി ഒരു സിക്ക് റൂം അസുഖ ബാധിതരായ കുട്ടികൾക്ക് വിശ്രമിക്കാനായി തയ്യാറാക്കിയിട്ടുണ്ട്.

**ഭൗതികം**

**പരിമിതികൾ**

കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാനുള്ള ഇടം മെച്ചപ്പെടുത്തേണ്ടതുണ്ട്. നല്ല രീതിയിൽ വിളമ്പിക്കൊടുത്ത് എല്ലാ കുട്ടികൾക്കും ഇരുന്ന് കഴിക്കാൻ പറ്റുന്ന സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ആകർഷമായ തരത്തിൽ പൂന്തോട്ടം, ജൈവ വൈവിദ്ധ്യ പാർക്ക് എന്നിവ ഉണ്ടാക്കേണ്ടതുണ്ട്. കുട്ടികളുടെ കലാവാസന, കരവിരുത് എന്നിവ പ്രോത്സാഹിപ്പിക്കാൻ പരിശീലനം നൽകാൻ പ്രത്യേകം സൗകര്യം ആവശ്യമാണ്. കായിക പ്രവർത്തനങ്ങൾക്ക് വേണ്ട സ്പോർട്സ് കോംപ്ലക്സ് കൂടാതെ സാധനങ്ങൾ സൂക്ഷിക്കാനായി ഒരു മുറി ആവശ്യമാണ്.

**സാമൂഹികം**

**നേട്ടങ്ങൾ**

എസ്.പി.സി, സകൗട്ട് & ഗൈഡ്സ് എൻ.എസ്.എസ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നിന് ഏറെ സഹായിക്കുന്നു. ശുചിത്വം, നവനവത്ക്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിദ്യാലയം മാതൃകാ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്.

**പരിമിതികൾ**

സമയപരിമിതി സാമൂഹ്യമാനമുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തടസ്സമായി നിൽക്കുന്നു.

31. ഐ.ടി പഠനം കാര്യക്ഷമമാക്കൽ
32. കൈറ്റ്- വിക്ടേർസ്-ഹരിത വിദ്യാലയം മത്സരത്തിന് വേണ്ടി കുട്ടികളെ സജ്ജരാക്കൽ
33. ജനാധിപത്യ വേദി
34. മോക്ക്പാർലിമെന്റ്
35. ക്ലാസ്സ് പാർലിമെന്റ്
36. സ്കൂൾ കലോത്സവം
37. ശാസ്ത്ര ഗണിതശാസ്ത്ര എസ്.എസ്., ഐടി പ്രവൃത്തി പരിചയ മേള കൾ
38. സ്കൂൾ കാമ്പസ് മനോഹരമാക്കൽ
39. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
40. കരിയർ ഗൈഡൻസ്
41. ഫിലിം ഫെസ്റ്റിവൽ
42. നാടകക്യാമ്പുകൾ
43. ഓൺലൈൻ പ്രവർത്തനങ്ങൾ വഴി കൂടുതൽ സമയം ആവശ്യമുള്ള ക്ലബ്ബ് പ്രവർത്തനങ്ങൾ ഗൂഗിൾ പ്ലാറ്റ്ഫോം ഉപയോഗിച്ച് നടത്തൽ
44. മെഡിക്കൽ ക്യാമ്പുകൾ
45. മികവ് പ്രദർശനം

AnyScanner

# -Academic Master Plan-Mathematics

| പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|
| • ജൂൺ 19<br>പാസ്ക്കൽ ഡേ ദിനാചരണം<br>(പ്രഭാഷണം , ചാർട്ട് പ്രദർശനം) | • ബ്ലെയ്സ് പാസ്ക്കലിന്റെ ഗണിതശാസ്ത്ര സംഭാവന കളെ കുറിച്ച് ധാരണ ലഭിക്കുന്നു. |
| • ആഗസ്റ്റ് 14<br>പൈഥഗോറിയൻ ഡേ<br>ക്ലാസ്സ് തലത്തിൽ ചാർട്ട് നിർമ്മാണം | • പൈഥഗോറിയൻ ആശയങ്ങൾ മനസ്സിലാക്കുന്നു. കുട്ടികളുടെ വായനയും എഴുത്തും മെച്ചപ്പെടുത്തുന്നു. |
| • ആഗസ്റ്റ് ഫസ്റ്റ് വീക്ക്<br>ജ്യാമിതീയ പൂക്കളമത്സരം | • ജ്യാമിതീയ രൂപങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. |
| • സപ്തംബർ<br>സ്കൂൾ തല ഗണിതമേള | • ഗണിത പ്രതിഭകളെ കണ്ടെത്തുന്നു. കുട്ടികളിൽ ഗണിതാഭിരുചി വളർത്തുന്നു |
| • നവംബർ<br>ഗണിത ശിൽപ്പശാല | • ഗണിത പഠനം ആസ്വാദ്യകരമാക്കാനും ഗണിതത്തിന്റെ പഠനോപകരണങ്ങളുടെ ആവശ്യകത മനസ്സിലാക്കുന്നതിനും സഹായിക്കുന്നു. |
| • ഡിസംബർ<br>ഗണിതശാസ്ത്രമേളയ്ക്ക് വേണ്ട ഒരുക്കങ്ങൾ | • ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞനായ രാമാനുജന്റെ ഗണിത സംഭാവനകൾ അടുത്തറിയുന്നു. |
| • ഡിസംബർ 22 രാമാനുജൻസ് ഡേ<br>പേപ്പർ പ്രസന്റേഷൻ | • പഠനപിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനം |
| • ജനുവരി<br>ഗണിത ക്ലിനിക് | |
| • ഫെബ്രുവരി<br>മോട്ടിവേഷൻ ക്ലാസ്സ്<br>പത്താം സ്റ്റാൻഡേർഡ് | |
| • ദീർഘകാലം പ്രവർത്തനം<br>ഗണിത ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പരിപോഷണ പരിപാടി | |

AnyScanner

# Academic Master Plan-Social Science

| പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
| --- | --- |
| • ജൂലൈ-11 | • മനുഷ്യവിഭവശേഷി മനസ്സിലാക്കാൻ മറ്റുരാജ്യങ്ങളുമായി താരതമ്യപഠനം |
| • ആഗസ്റ്റ് 6, 9 ഹിരോഷിമ നാഗസാക്കി ദിനം | ആണവായുധ പ്രയോഗം ലോകത്തുണ്ടാക്കുന്ന വിപത്തുകൾ തിരിച്ചറിയുക.<br>ലോക സമാധാനം എന്ന ആശയം കുട്ടികളിൽ എത്തിക്കുക. |
| • ആഗസ്റ്റ് 15 സ്വതന്ത്ര്യദിനം | • സ്വാതന്ത്ര്യത്തിന്റെ മഹത്വം |
| • ഒക്ടോബർ 2 ഗാന്ധിജയന്തി | • ദേശീയത -സ്വാതന്ത്ര്യ സമരസേനാനികൾ |
| • നവംബർ 1 കേരളപിറവി | • ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട ചരിത്രം മനസ്സിലാക്കാൻ |
| • ഡിസംബർ 5 ലോകമണ്ണ് ദിനം | • മണ്ണ് സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ |
| • ഡിസംബർ 10 മനുഷ്യവകാശദിനം | • മനുഷ്യന്റെ അവകാശങ്ങളെ പറ്റി ബോധവാന്മാരാക്കാനും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ |
| • ജൂൺ 26 റിപ്പബ്ലിക് ദിനം | • ഇന്ത്യ റിപ്പബ്ലിക് ആയതിന്റെ ചരിത്രം മനസ്സിലാക്കാൻ |
| • ഫെബ്രുവരി ഗ്ലോബ് നിർമ്മാണ വർക്ക്ഷോപ്പ് | • ഗ്ലോബ് നിർമ്മിക്കാനുള്ള കഴിവ് ആർജ്ജിക്കാൻ |
| • ജൂലൈ - പ്രദേശിക ചരിത്ര രചന | • സ്വന്തം നാടിന്റെ ചരിത്രം അറിയാൻ കുട്ടി പ്രാപ്തി നേടുന്നു. |
| • സപ്റ്റംബർ വാർത്താവായന കാലാവസ്ഥാനിരീക്ഷണം | • വാർത്താ വായനാനൈപുണി കൈവരിക്കാൻ<br>മാറി വരുന്ന കാലാവസ്ഥാ കാരണങ്ങൾ കണ്ടെത്തൽ |
| • ജനുവരി ഫീൽഡ് ട്രിപ്പ് | • ചരിത്രപ്രധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ |

AnyScanner

# Academic Master Plan-Arabic

## പ്രവർത്തനങ്ങൾ

- അറബിക് ക്ലബ്ബ് രൂപീകരണം
- വായന ക്യാമ്പയിൻ
  ജൂൺ 19 മുതൽ ജൂലൈ 19
- ഡിസംബർ 18
  അറബിക് ഭാഷാ ദിനാചരണം

  അറബിക് മാഗസിൻ

# Academic Master Plan- Science

| | |
|---|---|
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം |
| ജൂൺ 14 | ലോകരക്തദാന ദിനം - രക്തദാനത്തെപറ്റിയും രക്തഘടക ങ്ങളെപറ്റിയും അവബോധം സൃഷ്ടിക്കുക രക്തദാദാതാക്കളെ അനുസ്മരിക്കുക |
| ജൂൺ 21 | അന്താരാഷ്ട്ര യോഗദിനമായി അനുസ്മരിക്കുന്നു. |
| ജൂൺ 26 | ലഹരിവിരുദ്ധദിനം- ലഹരിയെന്ന മഹാവിപത്തിനെതിരെ ബോധവത്ക്കരണം |
| ജൂലായ് 21 | ചാന്ദ്രദിനം |
| ജൂലായ് 28 | ലോകപ്രകൃതി സംരക്ഷണ ദിനം - പ്രകൃതി സംരക്ഷണം പ്രവർത്തനം നമ്മുടെ ഉത്തരവാദിത്തം എന്ന സന്ദേശം കുട്ടി കളിലെത്തിക്കുന്നതിന് |
| ആഗസ്റ്റ് 13 | ലോക അവയവ ദാനദിനം- അവയവദാനത്തിന്റെ മഹത്വം വിളിച്ചോതി അവയവദാനം മഹാദാനം എന്ന മുദ്രാവാക്യം കുട്ടികളുടെ മനസ്സിൽ എത്തിക്കുക. അവയവ ദാനത്തിന്റെ പ്രധാന്യം ബോധ്യപ്പെടുത്തുക. |
| ആഗസ്റ്റ് 22 | ലോക നാട്ടറിവ് ദിനം - മാനവരാശി സഹസ്രാബ്ദങ്ങൾ കൊണ്ട് നേടിയെടുത്ത അറിവുകളും ശേഷിപ്പുകളും സംര ക്ഷിക്കുന്നതിന് |
| സപ്തംബർ 29 | ലോക ഹൃദയദിനം - ഹൃദ്രോഗം എന്ന രോഗത്തെകുറിച്ച് ഹൃദയത്തിന്റെ സംരക്ഷണത്തെപറ്റിയും ഓർമ്മിപ്പിക്കുന്നതി നായുള്ള ദിനം |
| ഒക്ടോബർ 1 | ദേശീയ രക്തദാന ദിനം - രക്തദാനം ജീവൻദാനം എന്ന മഹ ത്തായ കാര്യം കുട്ടികളെ ബോധ്യപ്പെടുത്തുക. |
| ഒക്ടോബർ 16 | ലോകഭക്ഷ്യദിനം - എല്ലാവർക്കും ഭക്ഷണം എന്ന ഭക്ഷ്യ കാർഷിക സംഘടനയുടെ ആപ്തവാക്യം കുട്ടികളിൽ എത്തി ക്കുക- ഭക്ഷണം പാഴാക്കുന്നതിനെതിരെയുള്ള മനോഭാവം കുട്ടികളിൽ വളർത്തുക. |
| നവംബർ 12 | ദേശീയപക്ഷിനിരീക്ഷണ ദിനം - ഡോ.സലിം അലിയുടെ സംഭാവനകൾ കുട്ടികളെ ബോധ്യപ്പെടുത്തുന്നതിന് |
| ഡിസംബർ 1 | |

AnyScanner

| | |
|---|---|
| • ഫെബ്രുവരി 2<br>• ഫെബ്രുവരി 28 | • ലൈക എയ്ഡ്ല് ദിനം - എയ്ഡ്സ് എന്ന മഹാമാരിക്കെതിരെയുള്ള ബോധവത്ക്കരണം.<br>• ലോക തണ്ണീർത്തടദിനം - തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടതിന്റെ പ്രധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.<br>• ദേശീയ ശാസ്ത്രദിനം - സർ.സിവി രാമന്റെ രാമൻ പ്രഭാവം എന്ന പ്രതിഭാസം കണ്ടെത്തിയതിന്റെ അടയാളമായി എല്ലാ വർഷവും ഫെബ്രുവരി 28 ഇന്ത്യയിൽ ദേശീയ ശാസ്ത്രദിനമായി ആദരിക്കുന്നു. |

## പദ്ധതിയുടെ പേര് :ശാസ്ത്ര പോഷണം

അവസ്ഥാവിശകലനം

ശാസ്ത്ര സിദ്ധാന്തങ്ങളും പ്രയോഗങ്ങളും ക്ലാസ്സ് റൂം സംബന്ധിയായി പഠിപ്പിക്കുമ്പോൾ കുട്ടികൾക്ക് വിരസതയനുഭവപ്പെടുന്നു. അത് അവരെ ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ നിന്നും അകറ്റുന്നു. പ്രശ്നപരിഹരണത്തിനുള്ള ശേഷിയും വളർത്തുന്ന ഒന്നായി ശാസ്ത്ര പഠനം മാറേണ്ടതുണ്ട്. ശാസ്ത്ര ക്ലാസ്സുകൾ പ്രക്രിയാധിഷ്ഠിതമാകേണ്ടതുണ്ട്. അതിന് സുസജ്ജവും നവീനവുമായ ഒരു ലാബ് അത്യന്താപേക്ഷിതമാണ്. ഇംപ്രൊവൈസ്ഡ് സിമ്പിൾ എക്സ്പിരിമെന്റിന്റെ ഉപയോഗത്തിലൂടെ ശാസ്ത്ര തത്വങ്ങളിൽ കുട്ടികൾക്ക് താത്പര്യം വർദ്ധിക്കുന്നതായി കാണുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- ശാസ്ത്രാഭിരുചി വളർത്തൽ
- പ്രക്രിയാ ശേഷികൾ സ്വാഭാവികമായി ആർജ്ജിക്കൽ
- ശാസ്ത്രപഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കൽ
- ശാസ്ത്ര പഠനത്തിൽ കുട്ടികളുടെ ആത്മ വിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കൽ
- വിവിധതരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവസരം ലഭിക്കുന്നു.
- പഠന പ്രയാസമുള്ള കുട്ടികളെ അത് മറികടക്കാൻ പ്രാപ്തമാക്കുന്നു.

AnyScanner

# Academic Master Plan-Hindi

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ കുട്ടികൾക്ക് നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം |
|---|---|---|
| ❖ അക്ഷരം, ചിഹ്നം എന്നിവ തിരിച്ചറിയാൻ പഠിപ്പിക്കുന്നു. ഉച്ചാരണം പരിശീലിപ്പിക്കുന്നു. | അക്ഷരമാല എഴുതി ഉറക്കെ വായിപ്പിക്കുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് |
| ❖ കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. | സപ്തംബർ, ഒക്ടോബർ |
| ❖ ഹിന്ദി എളുപ്പത്തിൽ എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു.<br>• ചെറിയ കഥകൾ വായിച്ച് ആശയം അവതരിപ്പിക്കുന്നു | കേട്ടെഴുത്ത് , പദസൂര്യൻ എന്നിവ നൽകുന്നു. ഡിക്ഷ്ണറി നിർമ്മിക്കുന്നു.<br><br>വായനയ്ക്കായി കഥകൾ നൽകുന്നു. | നവംബർ ജനുവരി |
| **ക്ലാസ്സ് 9** | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം |
| ഹിന്ദി വായിക്കാനും എഴുതാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റ് നൽകുന്നു. ശ്രദ്ധപരിപാടിയിലൂടെ ആവശ്യമായ പരിഹാര ബോധനം നടത്തുന്നു. | ജൂൺ ആഗസ്റ്റ് |
| വാക്യഘടന പരിശീലിപ്പിക്കുന്നു. ചെറിയ ചെറിയ വാക്യങ്ങൾ എഴുതുവാൻ പഠിപ്പിക്കുന്നു. | ചെറിയ ചെറിയ വാക്യങ്ങളുടെ വർക്ക് ഷീറ്റ് നൽകുന്നു.<br>കഥ കവിത, പൂരിപ്പിക്കുവാൻ നൽകുന്നു. | സപ്തംബർ നവംബർ |
| പോസ്റ്റർ തയ്യാറാക്കുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | പോസ്റ്റർ മോഡൽ നൽകുന്നു. വിഷയങ്ങൾ നൽകി ക്ലാസിൽ പ്രദർശനം നടത്തി മൂല്യ നിർണ്ണയം നടത്തുന്നു. കവിതകൾ നൽകി ആസ്വാദനകുറിപ്പ് അവതരിപ്പിക്കുന്നു. | ഡിസംബർ ഫെബ്രുവരി |
| **ക്ലാസ്സ് 10** | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം |
| ഭാഷ മെച്ചപ്പെടുത്താൻ ബന്ധ | നാടകം അവതരിപ്പിക്കു | ജൂൺ |

| | | |
|---|---|---|
| പ്പെട്ട പ്രവർത്തനങ്ങൾ നൽകുക. | ക, സംഭാഷണം തയ്യാറാക്കുക. | ജൂലൈ |
| ഹിന്ദി വാരാഘോഷങ്ങൾ മികച്ച രീതിയിൽ നടത്തുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, ഉപന്യാസം, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് ഒക്ടോബർ |
| ആശയാവിഷ്കാരം , തിരക്കഥ, ഡയറി, കുറിപ്പ് എന്നിവ തയ്യാറാക്കുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. | നവംബർ, ജനുവരി |

## Academic Master Plan-Physics

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം |
|---|---|---|
| കുട്ടികളിലെ ശാസ്ത്ര പഠന വിരസത ഒഴിവാക്കുക | • പതിവ് ക്ലാസ്സ് റൂം പഠന രീതിക്ക് പകരം ലാബ് സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. പരീക്ഷണങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിക്കുക. ഫീൽഡ് ട്രിപ്പ്, മ്യൂസിയം, സയൻസ് പാർക്ക് സന്ദർശനം എന്നിവ സംഘടിപ്പിക്കുക.<br>• സയൻസ് ക്ലബ്ബ് രൂപീകരിക്കുക.<br>• വർക്ക് ഷോപ്പുകൾ നടത്തുക. | ജൂൺ മുതൽ ആഗസ്റ്റ് വരെ വരെ |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | • ശാസ്ത്ര മാസികകൾ, ശാസ്ത്ര ലേഖനങ്ങൾ, ശാസ്ത്ര നോവലുകൾ, ശാസ്ത്രജ്ഞരുടെ ജീവ ചരിത്രം എന്നിവ വായിക്കാനുള്ള സൗകര്യങ്ങൾ കുട്ടികൾക്ക് ഒരുക്കി കൊടുക്കുക.<br>• ഇതിനായി സയൻസ് ലൈബ്രറി ഒരുക്കുക.<br>• സയൻസ് ഫിക്ഷൻ സിനിമകൾ പ്രദർശിപ്പിക്കുക.<br>• സ്കൂളിലെ സ്മാർട്ട് റൂം ഇതിനായി പ്രയോജനപ്പെടുത്താം.<br>• ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട വാർത്തകൾ കുട്ടികൾ ശേഖരിക്കുന്നു. ഇവ പ്രദർശിപ്പിക്കാനായി ഒരു സയൻസ് കോർണർ സജ്ജമാക്കുന്നു. | **ജൂൺ മുതൽ ഡിസംബർ വരെ** |

AnyScanner

| | | |
|---|---|---|
| | • വീട്ടിൽ ഒരു പരീക്ഷണ ശാല എന്ന ആശയം നടപ്പിലാക്കുന്നു. | |
| കുട്ടികളിലെ പ്രശ്ന നിർദ്ധാരണ ശേഷി വികസിപ്പിക്കുക. | • ശാസ്ത്രവുമായി ബന്ധപ്പെട്ട കുസൃതി ചോദ്യങ്ങൾ പദപ്രശ്നങ്ങൾ എന്നിവ സയൻസ് കോർണറിലെ നോട്ടീസ് ബോർഡിൽ നൽകി ഉത്തരം കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടുന്നു. ശരിയുത്തരം നൽകുന്ന കുട്ടികളുടെ പേരുകൾ നോട്ടീസ് ബോർഡിൽ ഇടുക. | **ജൂൺ മുതൽ ഡിസംബർ വരെ** |
| ശാസ്ത്രവുമായി ബന്ധപ്പെട്ട് പുതുതായി വികസിച്ചു വരുന്ന ശാസ്ത്ര ശാഖകൾ കുട്ടികളെ പരിചയപ്പെടുന്നു. | • ശാസ്ത്രത്തിലെ പുതുതായി വികസിച്ചു വരുന്ന മേഖലകളെ കുറിച്ച് (ഉദാ: നിർമ്മിത ബുദ്ധി, റോബോട്ടിക്സ് വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | **സപ്റ്റംബർ മുതൽ ഡിസംബർ വരെ** |
| കുട്ടികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കുക. | • ശാസ്ത്രവുമായി ബന്ധപ്പെട്ട എല്ലാ ദിനാചരണങ്ങളിലും വിപുലമായ പരിപാടികൾ സ്കൂളിൽ സംഘടിപ്പിക്കുക. | **ജൂൺ മുതൽ സപ്റ്റംബർ വരെ** |
| ഊർജ്ജ സംരക്ഷണം , സുസ്ഥിര വികസനം എന്നിവയെ കുറിച്ചുള്ള അവബോധം കുട്ടികളിലുണ്ടാക്കുക. | • ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം, സുസ്ഥിര വികസനം എന്നിവയെകുറിച്ച കുട്ടികളെ ഉൾപ്പെടുത്തി ചർച്ചകൾ സംഘടിപ്പിക്കുക. • കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനം കുട്ടികൾക്ക് നൽകുന്നു. | |

AnyScanner

## ഉപമേഖല – മലയാളം
### പ്രവർത്തനം 1 – ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം– 1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം–1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ | PTA<br>PTA 10,00,000/-<br>-<br>-<br>- |

AnyScanner

**ഉപമേഖല:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
|---|---|---|---|---|
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം<br>SRG | PTA<br>15000/-<br>Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യക്കാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം<br>SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

AnyScanner

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |



## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers ഒത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |



AnyScanner

# ദീർഘകാല പദ്ധതികൾ

*വിദ്യാലയം ഒരു വിദ്യാഭ്യാസ പാർക്ക് (School As an Educational Park)*

ജെ.എൻ.എം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പുതുപ്പണം അന്താരാഷ്ട്ര നിലവാരത്തിലേക്കുയരുമ്പോൾ അതിന്റെ പ്രതിഫലനം പ്രാദേശിക മറ്റു വിദ്യാലയങ്ങളിലേക്കും ചെന്നെത്തേണ്ടതുണ്ട് വിദ്യാലയം ഒരു വിദ്യാഭ്യാസ പാർക്കായി മാറുന്നതുലൂടെ സമീപ വിദ്യാലയങ്ങളുലുള്ള കുട്ടികൾക്ക് അതിന്റം ഗുണഭോക്താക്കളായി മാറാൻ കഴിയും. കളിസ്ഥലം, മിനി തിയേറ്റർ, അടൽ ടിങ്കറിംഗ് ലാബ്, ജൈവ വൈവിദ്ധ്യപാർക്ക് ഷിണി ലാബ് തുടങ്ങിയവ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ അവധി ദിവസങ്ങളിൽ സമീപത്തെ യു.പി. സ്കൂളിലെയും അംഗനവാടിയിലെയും കുട്ടികൾക്ക് പങ്കെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലൂടെം ഈ ലക്ഷ്യം കൈവരിക്കാം.

## പ്രതീക്ഷിത പ്രവർത്തനങ്ങൾ

- ശാസ്ത്ര സെമിനാറുകൾ, സംവാദങ്ങൾ
- ശാസ്ത്ര പ്രവർത്തനങ്ങൾ
- അടൽ ലിങ്കറിംഗ് ലാബിന്റെ ആഭിമുഖ്യത്തിൽ മത്സരങ്ങൾ
- ഒിവിധ കായിക പ്രവർത്തനങ്ങളിലെ പങ്കാളിത്തം
- സ്കൂൾ ടൂർ സമീപത്തെ വിദ്യാലയങ്ങളിൽ നിന്ന് കുട്ടികൾക്ക് ചെറിയ പഠന യാത്രയ്ക്കായി സ്കൂൾ സന്ദർശിക്കാനുള്ള അവസരം
- ഔഷധത്തോട്ടം ശലഭോദ്യാനം ജൈവവൈവിദ്ധ്യ പാർക്ക് തുടങ്ങിയ നിരീക്ഷിക്കൽ
- അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

"Education in the environment giving the children experience beyond the classroom is both natural and built environments would provide opportunities for students to gain first hand experience in the environment and enhance classroom based experiences"

AnyScanner

**CONSTRUCTION OF SPORTS COMPLEX,**
**GOVT. JNMHSS PUDUPPANAM , KOZHIKODE**

## PROJECT


**Amount: RS 25,00,000/-**

വടകര നിയോജക മണ്ഡലത്തിലെ മികവിന്റെ കേന്ദ്രമായ ഗവൺമെൻറ് ജെ എൻ എം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾക്ക് കായിക പരിശീലനം നൽകുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ നിലവിലില്ല. കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനായി കബഡി, വോളിബോൾ, ബാഡ്മിൻറൺ കോർട്ട്, ക്രിക്കറ്റ് നെറ്റ് സ്ഥാപിക്കൽ, ജമ്പിങ് പിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട വിദ്യാലയം സമർപ്പിക്കുന്ന റിപ്പോർട്ട്.





1. കബഡി കോർട്ട് നിർമ്മാണം
2. ബാഡ്മിന്റൺ കോർട്ട് നിർമ്മാണം
3. വോളീബോൾ കോർട്ട് നിർമ്മാണം
4. ജമ്പിങ് പിറ്റ് നിർമ്മാണം
5. ക്രിക്കറ്റ് നെറ്റ് സ്ഥാപിക്കൽ


## ഗ്രൗണ്ടിന്റെ ലേഔട്ട്




AnyScanner

**Existing Site Photos:**





AnyScanner

# ഉപസംഹാരം

ജെ.എൻ.എം ഗവൺമെന്റ് ഹയർസെക്കന്ററിസ്കൂളിന്റെ ഈ അക്കാദമികമാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യേപാഠ്യതര പ്രവർത്തനങ്ങൾ ചിട്ടയായ ഒരു ചട്ടകൂടിലേക്ക് ക്രമീകരിക്കാനും സ്കൂളിന്റെ വികസനസങ്കൽപ്പങ്ങളുടെ ഒരു മാർഗദർശനം എന്ന രീതിയിലും തയ്യാറാക്കപ്പെട്ടതാണ്. ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന അടിസ്ഥാനതത്വത്തിലൂന്നിയാണ് ഇതിലെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത് .അതുകൊണ്ടുതന്നെ 2023-24 വർഷത്തെ പ്രവർത്തനങ്ങളെ മികവിലേക്കുയർത്താനുള്ള മാർഗദർശിത്വം ഈ അക്കാദമികമാസ്റ്റർ പ്ലാൻ ഉൾക്കൊള്ളുന്നുഎന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അടുത്ത വർഷത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുന്ന ഘട്ടത്തിൽ ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റ പ്രായോകികമായവിജയം ചർച്ച ചെയ്യപ്പെടുമെന്നും പ്രതീക്ഷിക്കാം.ഈ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം വിദ്യാലയത്തിന് ലഭിക്കുമെന്ന ഉറച്ച് വിശ്വസിക്കുന്നു. കൂടുതൽ ചർച്ചകൾക്കും കൂട്ടിച്ചേർക്കലുകൾക്കുമായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

*******      *******      ******

AnyScanner